


# സംവരണം

## സാമുദായികമോ സാമ്പത്തികമോ?

സാമ്പത്തിക സംവരണത്തെയും സാമുദായിക സംവരണം തുടരുന്നതിനെയും കുറിച്ചുള്ള ഹൈക്കോടതിയുടെ നിരീക്ഷണത്തെത്തുടര്‍ന്ന് സംവരണം വീണ്ടും വിവാദമായിരിക്കുന്നു. സാമുദായിക സംഘടനകളും രാഷ്ട്രീയ നേതാക്കളും വിഷയമേറ്റെടുത്ത് തെരുവിലിറങ്ങിയിട്ടുണ്ട്. വര്‍ഷങ്ങളായി നടക്കുന്ന പ്രക്ഷോഭങ്ങള്‍ക്കു ശേഷവും സംവരണം ഒരു സമര വിഷയം മാത്രമായി തുടരുകയാണ്. വിഷയത്തെക്കുറിച്ച് എസ്.ഐ.ഒ മലപ്പുറത്ത് സംഘടിപ്പിച്ച സെമിനാറില്‍നിന്ന്. തയാറാക്കിയത്: **പി.പി ജസീം**



### മുന്നാക്ക സംവരണം ഭരണഘടന പറയുന്നതെന്ത്?

**അഡ്വ. എന്‍. ഷംസുദ്ദീന്‍**

(യൂത്ത് ലീഗ്, സംസ്ഥാന ജനറല്‍ സെക്രട്ടറി)

**സംവരണത്തിന്** അനുകൂലവും പ്രതികൂലവുമായ വാദങ്ങള്‍ ചരിത്രത്തിലുണ്ടായിട്ടുണ്ട്. മന്നം ജയന്തിയുടെ ഭാഗമായി നായര്‍ സര്‍വീസ് സൊസൈറ്റി (എന്‍.എസ്.എസ്) മുന്നോട്ടുവെച്ച നിര്‍ദേശവും സംവ

രണവിരുദ്ധരെ പ്രോത്സാഹിപ്പിക്കുന്ന ഹൈക്കോടതിവിധിയും സംവരണത്തെ വീണ്ടും ചർച്ചയാക്കിയിരിക്കുകയാണ്. എൻ.എസ്.എസ് പ്രമേയം മാധ്യമങ്ങൾ ആഘോഷിക്കുകയുണ്ടായി.

ഭരണഘടന അനുച്ഛേദങ്ങൾ 15(4), 16(4) എന്നിവ പ്രകാരം (Equality before law, Equal opportunity for job employment) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിരക്ഷ നൽകണമെന്ന് പറയുന്നുണ്ട്. നിയമത്തിൽ തുല്യത, ജോലികളിൽ തുല്യാവസരം എന്നീ തത്ത്വങ്ങളിൽ ഈ രണ്ട് വിഭാഗങ്ങൾക്ക് ചില ഇളവുകൾ നൽകാമെന്ന അടിസ്ഥാനത്തിലാണ് നാളിതുവരെ രാജ്യത്ത് സംവരണം നിലനിർത്തിപ്പോന്നത്. അപ്പോൾ സംവരണത്തിന്റെ മാനദണ്ഡം സാമൂഹിക പിന്നാക്കാവസ്ഥ(Social Backwardness)യാണ്. അഥവാ സാമൂഹിക അവശതകൾ പരിഹരിക്കാനാണ് സംവരണം.

അതുകൊണ്ട് സംവരണത്തെ മറ്റു മേഖലകളിലേക്ക് വലിച്ചിഴക്കരുത്. മർഹൂം സീതിസാഹിബ് ലളിതമായ ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കുന്നുണ്ട്. ഒരു വില്ലേജ് ഓഫീസർക്കുള്ള അധികാരം കൊണ്ടോട്ടി അങ്ങാടിയിലെ മത്സ്യക്കച്ചവടക്കാരനില്ല. ഒരു വില്ലേജിലെ മുഴുവൻ കാര്യങ്ങൾക്കും മേലൊപ്പു വെക്കാനുള്ള അധികാരം വില്ലേജ് ഓഫീസർക്കാണ്. അതേസമയം മത്സ്യ വ്യാപാരി രണ്ട് ദിവസം കൊണ്ട് സമ്പാദിക്കുന്നത് ഒരു വില്ലേജ് ഓഫീസർക്ക് മാസാന്തം കിട്ടണമെന്നുമില്ല. അതുകൊണ്ട് പ്രശ്നം സാമ്പത്തികമല്ല, സാമൂഹികമാണ്. അധികാര പങ്കാളിത്തമാണെന്ന് സാരം. ഈ അധികാര പങ്കാളിത്തത്തിൽ മത്സ്യക്കച്ചവടക്കാർക്ക് യാതൊരു പങ്കുമില്ല. ഉദ്യോഗ സമ്പാദനത്തിലൂടെയാണ് അധികാരം ലഭ്യമാകുന്നത്. ഉദ്യോഗ സംവരണം പോലും ഭരണനിർവഹണത്തിലെ പങ്കാളിത്തത്തിനാണ്.

സാമ്പത്തിക പിന്നാക്കാവസ്ഥ സംവരണ മാനദണ്ഡമാകാമെന്ന് ഭരണഘടന എവിടെയും പരാമർശിക്കുന്നില്ല. അധികാരത്തിൽ ജനസംഖ്യാനുപാതികമായുള്ള പ്രാതിനിധ്യക്കുറവ് നികത്തപ്പെടണം. ചരിത്രപരമായ കാരണങ്ങളാൽ ആട്ടിയകറ്റപ്പെട്ടവരും അയിത്തം കൽപിക്കപ്പെട്ടവരുമാണ് പിന്നാക്കക്കാർ. അവർക്കുള്ള ചവിട്ടുപടിയാണ് സംവരണം.

ദാരിദ്ര്യ നിർമാർജനത്തിനാണ് സംവരണമെന്നത് പരമാബദ്ധമാണ്. അതാണ് എൻ.എസ്.എസിന് പറ്റിയ തെറ്റ്. സാമ്പത്തിക അവശതയുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ആരും എതിരല്ല. പക്ഷേ, അതിന് സംവരണത്തിൽ വെള്ളം ചേർക്കാൻ പാടില്ല. മുസ്‌ലിം ലീഗിന്റെ അഭിപ്രായമിതാണ്. സാമ്പത്തിക പരാധീനതയുള്ളവർക്ക് മറ്റു ക്ഷേമപദ്ധതികളാണ് വേണ്ടത്. ഇപ്പോൾ തന്നെ കേരളത്തിൽ വിവിധ ജാതികൾക്കായി 50 ശതമാനം സംവരണം നിലനിൽക്കുന്നുണ്ട്. 50 ശതമാനത്തിൽ കൂടുതൽ സംവരണം പാടില്ലായെന്ന് സുപ്രീം കോടതിയുടെ ഒരു വിധി നിലവിലുണ്ട് താനും. എന്നിരിക്കെ ഏത് സമുദായത്തെ ഒഴിവാക്കിയാണ് മുന്നാക്ക സമുദായങ്ങൾക്ക് സംവരണം കൊടുക്കുക?

ഇപ്പോഴത്തെ ഹൈക്കോടതി നിരീക്ഷണം, ഈ വിഷയത്തിൽ അൽപം അതിരുവിട്ടിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് തുടങ്ങി ഇപ്പോഴും തുടരുന്ന വിദ്യാഭ്യാസ മേഖലയിലെ സംവരണമാണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. സമവായത്തിന്റെ ഭാഗമായി രൂപംകൊണ്ട തീരുമാനമാണിത്. ഇതിന്റെ നിയമവശം മാത്രമാണ് കോടതി പറയേണ്ടിയിരുന്നത്. അതിനപ്പുറം കോടതി, ഒരു കണക്കിന്റെയും പിൻബലമില്ലാതെ ചില കാര്യങ്ങൾ കൂടി പറഞ്ഞു. ന്യൂനപക്ഷങ്ങളും പിന്നാക്ക വിഭാഗങ്ങളും സംവരണത്തിന്റെ പരിധിവിട്ടവരാണ്, അവരുടെ ജീവിത നിലവാരം ഉയർന്നി

ട്ടുണ്ട് എന്നിങ്ങനെ. തെളിവില്ലാതെ കോടതി നടത്തിയ ഇത്തരം പരാമർശങ്ങൾ ഒട്ടും ഉചിതമായില്ല. ■



## സംവരണ വിരുദ്ധതയുടെ ചരിത്രം

**എ.പി അബ്ദുൽ വഹാബ്**
(ഐ.എൻ.എൽ സംസ്ഥാന സെക്രട്ടറി)

**ചരിത്രപരമായ** കാരണങ്ങളാൽ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരാനുള്ള സംവിധാനമാണ് സംവരണം എന്നാണ് ഭരണഘടന പറയുന്നത്. സാമൂഹിക, വിദ്യാഭ്യാസ ഉയർച്ച കൈവരിക്കുന്നതുവരെ പിന്നാക്കക്കാർക്ക് സംവരണം അനിവാര്യമാണ്. കൈവരിച്ചിട്ടുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. സർക്കാറുകൾ ഇന്നോളം ഏർപ്പെടുത്തിയ കമീഷനുകൾ അക്കാര്യം ആധികാരികമായി വെളിപ്പെടുത്തിയിട്ടുണ്ട്. കാക്കാകലേക്കർ കമീഷൻ മുതൽ രംഗനാഥ മിശ്ര കമീഷൻ വരെയുള്ളവ കണക്കുകൾ അവതരിപ്പിക്കുക മാത്രമല്ല, പിന്നാക്ക ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ കൂടി നിർദേശിച്ചു. എന്നാൽ ഈ കമീഷനുകൾ ഏട്ടിലെ പശുവായി മാറുകയാണുണ്ടായത്. 1955-ൽ സമർപ്പിച്ച കാക്കാകലേക്കർ കമീഷൻ റിപ്പോർട്ട് പിന്നാക്ക വിഭാഗങ്ങളുടെ പട്ടിക നിർണയിക്കുന്നതിൽ പിഴവ് വരുത്തിയെന്ന സാങ്കേതിക കാരണം പറഞ്ഞ് സർക്കാർ തള്ളി. 1980-കളിൽ സമർപ്പിച്ച മണ്ഡൽ കമീഷൻ റിപ്പോർട്ട് 10 വർഷത്തോളം മൂടിവെക്കപ്പെട്ടു. 1990-കളിൽ വി.പി സിംഗ് സർക്കാറാണ് ഭാഗികമായെങ്കിലും ആ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചത്. അതേത്തുടർന്ന് ചർച്ചകൾ വഴിതിരിച്ചുവിടാനായി ശ്രമം. മണ്ഡൽ കമീഷൻ ഉയർത്തിയ വമ്പിച്ച വിവാദങ്ങളെയും സാമൂഹിക ധ്രുവീകരണങ്ങളെയും മറികടക്കാൻ വേണ്ടി തന്നെയായിരുന്നു മന്ദിർ വിഷയം ഉന്നയിച്ചതെന്ന് ബി.ജെ.പി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് വിജയരാജ് സിന്ധ്യ തിരുവനന്തപുരത്ത് വെച്ച് വെളിപ്പെടുത്തുകയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ മുഖഛായ മാറ്റുന്ന നിർദേശങ്ങൾ കമീഷൻ റിപ്പോർട്ടിലുണ്ടായിരുന്നു. ഇത് രാജ്യത്തുണ്ടാക്കിയേക്കാവുന്ന മാറ്റം വിവരണാധീതവുമായിരുന്നു. സംവരണം അതർഹിക്കുന്ന തോതിൽ ലഭ്യമായിക്കഴിഞ്ഞാൽ അതിന്റെ യഥാർഥ ഗുണഭോക്താക്കൾ രാജ്യത്തെ മുഴുവൻ ആളുകളുമാണ്.

എൻ.എസ്.എസ് പ്രസിഡന്റ് നാരായണ പണിക്കർ വലിയ തെറ്റിദ്ധാരണയിലാണ്. 1891-ൽ കേരളത്തിൽ സംവരണത്തിനായി മലയാളി മെമ്മോറിയൽ പ്രക്ഷോഭം നടത്തിയപ്പോൾ ഈഴവ, ക്രൈസ്തവ, മുസ്‌ലിം, മറ്റു പിന്നാക്ക വിഭാഗങ്ങളോടൊപ്പം നായർ സമൂഹവും ഉണ്ടായിരുന്നു. പതിനായിരം പേർ ഒപ്പിട്ട ഒരു ഭീമനിവേദനം ശ്രീമൂലം മഹാരാജാവിന് നൽകുകയുണ്ടായി. തെക്കൻ കേരളത്തിലെ ന്യൂനാൽ ന്യൂനപക്ഷമായ തമിഴ് ബ്രാഹ്മണരെ മാത്രമാണ് ഉദ്യോഗങ്ങളിൽ പരിഗണിക്കുന്നത്, മലയാളികളെ പരിഗണിക്കുന്നില്ല എന്നായിരുന്നു നിവേദനത്തിലെ മുഖ്യ പരാതി. ശ്രീമൂലം മഹാരാജാവ് അത് അംഗീകരിക്കുകയും പുതിയ നിയമനങ്ങൾക്ക് ഉത്തരവിടുകയും ചെയ്തു. പക്ഷേ, അതിന്റെ ഗുണഭോക്താക്കൾ നായർ സമൂഹം മാത്രമായി. അവർ ക്രമേണ പ്രക്ഷോഭത്തിൽനിന്ന് പിന്മാറുകയും ചെയ്തു.

ഇതര സമൂഹങ്ങൾ ചതിക്കപ്പെട്ടു എന്ന വസ്തുത മനസ്സിലാക്കിയപ്പോഴാണ്

| വർഷം | മുസ്ലിം | ക്രൈസ്തവർ | ഈഴവർ | പട്ടികജാതി | മുന്നാക്കക്കാർ | ബ്രാഹ്മണർ |
|---|---|---|---|---|---|---|
| 1931 | 2.5% | 18.5% | 4% | – | 62% | – |
| 1968 | 7% | – | 10% | 6% | 25% | 52% |
| 1983 | 5.5% | 20% | – | – | 36% | – |
| 2005 (നരേന്ദ്രൻ കമീഷൻ) | 9.88% | – | 21% | 11.5% | 39% | – |
| 2006 (സച്ചാർ കമീഷൻ) | 9.88% | – | 22% | 13% | 40% | – |

1896–ൽ ഡോ. പൽപുവിന്റെ നേതൃത്വത്തിൽ ഈഴവ മെമ്മോറിയൽ രൂപം കൊള്ളുന്നത്. ഡോ. പൽപു കേരളം കണ്ട പ്രഗത്ഭനായ ബുദ്ധിജീവിയായിരുന്നു. മുന്നാക്കക്കാരനല്ലാത്തതിന്റെ പേരിൽ അദ്ദേഹത്തിന് തിരുവിതാംകൂർ അസംബ്ലിയിലേക്ക് മത്സരിക്കാനായില്ല. മഹാകവി കുമാരനാശാൻ തിരുവിതാംകൂർ അസംബ്ലിയിലേക്ക് മത്സരിച്ച് പരാജയപ്പെടുകയുണ്ടായി. 15 രൂപ കരം കൊടുക്കാൻ കഴിയുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ എന്നതായിരുന്നു അതിനു കാരണം. കുമാരനാശാന്റെ സമുദായത്തിലാകട്ടെ അത്രമേൽ നികുതി കൊടുക്കാൻ കഴിയുന്നവർ തുലോം കുറവായിരുന്നു. അന്നത്തെ എസ്.എൻ.ഡി.പി സെക്രട്ടറിയായിരുന്ന അദ്ദേഹത്തെ പോലെ പ്രഗത്ഭനായ ഒരു വ്യക്തി ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്നെങ്കിൽ അത് കേരളത്തിന്റെ സാമൂഹിക രംഗത്ത് വലിയ മാറ്റങ്ങൾക്ക് കളമൊരുക്കുമായിരുന്നു. ഈ ചരിത്ര യാഥാർഥ്യത്തെയാണ് നാരായണ പണിക്കർ ബോധപൂർവം തമസ്കരിച്ചത്.

എന്തുകൊണ്ട് സംവരണം എന്നത് കണക്കുകൾ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. സാമൂഹികമായും വിദ്യാഭ്യാസപരമായും കേരളത്തിലെ പിന്നാക്ക വിഭാഗങ്ങൾ വമ്പിച്ച പുരോഗതി കൈവരിച്ചു എന്ന വാദത്തെ പൊളിക്കുന്നതാണ് മേൽ ചേർത്ത കണക്ക് (പട്ടിക കാണുക).

പട്ടികജാതി–പട്ടികവർഗക്കാരുടെ ജനസംഖ്യാനുപാതികമായ വിഹിതം നൽകണമെന്ന ഭരണഘടനാ നിർദേശം പോലും കാറ്റിൽ പറത്തപ്പെട്ടിരിക്കുന്നു. ഇക്കൂട്ടർ ഇന്നും സമൂഹത്തിന്റെ പൊതുധാരയിൽ അവഗണിക്കപ്പെടുകയാണ്. ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിട്ടും ഇന്ത്യയിൽ ഒന്നു പോലും പട്ടിക ജാതി–വർഗത്തിന്റേതായിട്ടില്ല. മാറി മാറി വരുന്ന ഗവൺമെന്റുകൾ ജനങ്ങളെ കബളിപ്പിക്കുകയാണ്. വോട്ട് നൽകുന്ന ജനം തങ്ങൾ എങ്ങനെ കബളിപ്പിക്കപ്പെടുന്നു എന്ന് തിരിച്ചറിയണം. ഭരണകൂടങ്ങൾ തുടർച്ചയായി സ്വീകരിച്ചുപോരുന്ന സമവാക്യത്തെ കടപുഴക്കിയെറിയാൻ സാധിക്കണം. പിന്നാക്ക വിഭാഗങ്ങളെ സംബന്ധിച്ച് പ്രസക്തമായ കാര്യം അതാണ്. ■



## സാമ്പത്തിക സംവരണത്തിനെതിരെ ആരും ശബ്ദമുയർത്തുന്നില്ല

**പി. രാമഭദ്രൻ**

(കേരള ദലിത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്)

**യു.ഡി.എഫ്** ഭരണകാലത്ത് നരേന്ദ്രൻ പാക്കേജിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക

ക്കാർക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംവരണം ഉൾപ്പെടുത്തിയതാണ് ഇപ്പോഴത്തെ ചർച്ചയുടെ പരിസരം. വളരെ ആധികാരികമായി തന്നെ എനിക്ക് ചിലത് പറയാനാകും. സംവരണ സമുദായ മുന്നണിയുടെ സംസ്ഥാന വർക്കിംഗ് ചെയർമാൻ എന്ന നിലയിൽ നരേന്ദ്രൻ പാക്കേജിന്റെ മുഴുവൻ ചർച്ചകളിലും ഞാൻ പങ്കെടുത്തിരുന്നു. എന്നു മാത്രമല്ല, നരേന്ദ്രൻ കമീഷൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട ഏക ദലിത് സംഘടന കെ.ഡി.എഫ് ആണ്.

എ.കെ ആന്റണിയുടെ കാലത്ത് തുടങ്ങി ഉമ്മൻ ചാണ്ടിയുടെ കാലത്ത് സജീവമായ മുഴുവൻ സമവായ ചർച്ചകളിലും ഞാനുണ്ടായിരുന്നു. സമവായം നടക്കുന്നതിന് മുമ്പ് സംവരണ സമുദായമുന്നണി, റിട്ട. ജസ്റ്റിസ് ഷംസുദ്ദീനെ പോലെയുള്ള നിയമവിദഗ്ധരുമായി ചർച്ച നടത്തിയിരുന്നു. ഒരു സമവായത്തിലൂടെയാണ് ഈ പാക്കേജ് നടപ്പിലായത്. നരേന്ദ്രൻ കമീഷൻ കണ്ടെത്തിയ 18,525 പിന്നാക്കക്കാരുടെ ബാക്ക് ലോഗ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തണമെന്ന് ഞങ്ങൾ ശക്തിയായി വാദിച്ചു. പ്രകോപനമില്ലാതിരിക്കാൻ ഡയറക്ട് റിക്രൂട്ട്മെന്റ് എന്ന് പുനർനാമകരണം ചെയ്യാൻ ധാരണയായി. ഫലത്തിൽ വ്യത്യാസമില്ലതാനും. യു.ഡി.എഫ് ഭരണത്തിന്റെ അവസാന കാലത്താണ് ഇത് നടക്കുന്നത്. ഇതിലൂടെ ഒന്നു രണ്ട് പ്രസക്തമായ കാര്യങ്ങൾ നടന്നു. സംവരണ സീറ്റിൽ ഒരു വിഭാഗത്തിൽ നിന്ന് ആളില്ലാതെ വന്നാൽ സൂപ്പർ നോമിനലി പോസ്റ്റായി പരിഗണിച്ച് കടം കൊടുക്കുന്ന സമ്പ്രദായമുണ്ടായി. അത് അർഹരായ മുന്നാക്കക്കാർക്ക് കൊടുക്കും. അർഹരായി വരുന്ന കാലത്ത് കടം കൊടുത്ത സീറ്റ് തിരിച്ച് കൊടുക്കുന്ന സമ്പ്രദായമായിരുന്നു നരേന്ദ്രൻ കമീഷൻ നടപ്പാക്കുന്നത് വരെ നിലവിലുണ്ടായിരുന്നത്. അത് വലിയ ചൂഷണമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത്തരം സീറ്റുകൾ റീ റിസർവ് ചെയ്യണമെന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി മൂന്നു തവണയെങ്കിലും പരസ്യം കൊടുക്കണമെന്നും പിന്നെയും യോഗ്യരെ കിട്ടാതെ വന്നാൽ ആ സീറ്റ് ആ വിഭാഗത്തിന് കൊടുക്കണമെന്നും കർശനമായി നിർദേശിച്ചു. സപ്ലിമെന്ററി ലിസ്റ്റിന്റെ കാലാവധി നീട്ടി ബാക്ക്ലോഗ് നികത്താൻ കഴിഞ്ഞില്ലെങ്കിലും സംവരണ ചോർച്ച ഒഴിവാക്കാൻ സാധിച്ചു. സമവായത്തിലൂടെ നടന്ന ആ ചർച്ച ഒരു സമ്പൂർണ പരാജയമോ വിജയമോ അല്ല. ഏതാനും പാകപ്പിഴവുകൾ ഉണ്ടായി എന്നു മാത്രം. ഈ 18,525–ന്റെ കാര്യത്തിൽ പിന്നീട് വന്ന എൽ.ഡി.എഫ് സർക്കാറിന് എന്തു ചെയ്യാൻ കഴിഞ്ഞു എന്നു കൂടി നാം ചോദിക്കേണ്ടതുണ്ട്. പാലോളി കമ്മിറ്റിയുടെയൊക്കെ പേരിൽ കണ്ണിൽ പൊടിയിടുക മാത്രമാണല്ലോ എൽ.ഡി.എഫ് ചെയ്തത്.

ഇന്ത്യയിൽ ഇപ്പോൾ പിന്നാക്ക വിഭാഗങ്ങൾക്ക് സാമ്പത്തിക സംവരണമാണുള്ളത്. അഥവാ ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജറാക്കണമെന്ന വ്യവസ്ഥയുണ്ട്. അതിനർഥം നിശ്ചിത സാമ്പത്തിക പരിധിക്ക് താഴെയുള്ളവർക്കേ ജോലി കിട്ടൂ എന്നാണ്. ഭരണത്തിലുള്ളവർ കോടതിയെകൊണ്ട് എടുപ്പിച്ച വ്യവസ്ഥയായിരുന്നു ക്രീമീലയർ. ഇന്നും ഒരു പിന്നാക്ക വിഭാഗവും ക്രീമീലെയർ ഒഴിവാക്കണമെന്നും അശാസ്ത്രീയമാണെന്നും ശക്തമായി പറഞ്ഞിട്ടില്ല. സാമ്പത്തിക സംവരണത്തെ എല്ലാവരും അംഗീകരിച്ചിരിക്കുന്നു എന്നാണ് അതിനർഥം. പകരം ക്രീമീലെയർ പരിധി അധികരിപ്പിക്കണം എന്ന് മാത്രമാണ് പലരും ആവശ്യപ്പെടുക.

സാമ്പത്തിക സംവരണം പട്ടികജാതി, പട്ടികവർഗത്തിന് മാത്രമാണില്ലാത്തത്. എന്നിട്ടും ഒരു സുപ്രീംകോടതി വിധിയിൽ സാമ്പത്തിക സംവരണം അവർക്കു കൂടി നൽകണമെന്ന പരാമർശമുണ്ടായി. അതു പ്രകാരം ചില കേന്ദ്ര ഗവൺമെന്റ് സ്ഥാപ

നങ്ങൾ സാമ്പത്തിക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള ഉദ്യോഗ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഞങ്ങളൊക്കെ ശക്തമായി ഇടപെട്ട് അത് നിർത്തലാക്കി. സാമ്പത്തിക സംവരണം പാടില്ല എന്നതാണ് ഞങ്ങളുടെ നിലപാട്.

പിന്നാക്ക വിഭാഗങ്ങൾ വിപ്ലവകരമായ പുരോഗതി കൈവരിച്ചു എന്നാണ് ഹൈക്കോടതിയുടെ പരാമർശം. ഏത് പഠനത്തിന്റെയും ഗവേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു നിഗമനത്തിലെത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാൻ കോടതിക്ക് ബാധ്യതയുണ്ട്. കോടതി പ്രഖ്യാപിക്കുന്ന വിധികൾക്കെതിരായി പാർലമന്റിൽ നിയമനിർമാണം നടന്നിട്ടില്ലെങ്കിൽ അത് ഭരണഘടനയുടെ ഭാഗമായി മാറും. അതിനാൽ ഇത്തരം വിധികൾക്കെതിരായ ശക്തമായ നിയമനിർമാണം നടക്കേണ്ടതുണ്ട്. ജനഹിതമില്ലാത്ത ഒരു വിധിയും എവിടെയും നടപ്പിലായിട്ടില്ല. അതിനാൽതന്നെ ജനതാൽപര്യം പരിഗണിക്കാത്ത വിധികൾക്കെതിരെ ദലിത് പിന്നാക്കക്കാർ മുന്നോട്ട് വരേണ്ടതുണ്ട്. ■

## പിന്നാക്ക സംവരണത്തിന് തുരങ്കംവെച്ചല്ല മുന്നാക്കക്കാരനെ സഹായിക്കേണ്ടത്



**ഡോ. കൂട്ടിൽ മുഹമ്മദലി**
(ജമാഅത്തെ ഇസ്‌ലാമി സംസ്ഥാനസമിതിയംഗം)

**ഇന്ത്യൻ** ഭരണഘടന രൂപപ്പെടുന്നതിന് മുമ്പേ ഇവിടെ സംവരണം ഉണ്ടായിരുന്നു എന്നതാണ് സത്യം. ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുമ്പ് പല സ്റ്റേറ്റുകളിലും രാജവംശങ്ങളിലും പിന്നാക്ക ജനവിഭാഗങ്ങളെ ഭരണമേഖലകളിൽ പ്രത്യേകം പരിഗണിക്കുന്ന നിയമനിർമാണങ്ങൾ ഉണ്ടായിരുന്നു. ഇന്ത്യയിൽ മാത്രം നിലനിൽക്കുന്ന ഒരു അവകാശവും ആനുകൂല്യവുമല്ല സംവരണം; ഇന്ത്യക്ക് പുറത്ത് പാശ്ചാത്യ–പൗരസ്ത്യ രാഷ്ട്രങ്ങളിലും സംവരണം നിലനിൽക്കുന്നുണ്ട്. അതൊന്നും ആ രാജ്യങ്ങളിലെ ഭരണത്തിന്റെയും ഔദ്യോഗിക കൃത്യനിർവഹണത്തിന്റെയും ഗുണനിലവാരത്തെയും അവിടത്തെ ജനതയുടെ അവസര സമത്വത്തെയും ബാധിച്ചിട്ടില്ല. എന്നാൽ, ജനാധിപത്യം നിലനിൽക്കുന്ന ഇന്ത്യയിൽ അവശജനവിഭാഗങ്ങൾക്ക് അവരുടെ അവകാശങ്ങൾ സംരക്ഷിച്ചു കിട്ടാൻ നിരന്തരം കണ്ണ് തുറന്നിരിക്കേണ്ട അവസ്ഥയാണുള്ളത്. ഇവിടത്തെ ഗവൺമെന്റുകൾ, അത് ഇടതുപക്ഷമായാലും കോൺഗ്രസ് മുന്നണിയായാലും ബി.ജെ.പി മുന്നണിയായാലും ഈ അവകാശത്തിൽ മായംചേർക്കാൻ ശ്രമിക്കുന്നു എന്നതാണ് നമ്മുടെ അനുഭവം. ഈ അവശവിഭാഗങ്ങളുടെ ഗതികേട് കണ്ട് ആരെങ്കിലും മാനുഷികമായ ഇടപെടലുകൾ നടത്തിയാൽ അവരെ ശക്തിയായി ഒതുക്കുന്നതിന്റെ അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. വി.പി സിംഗ്, അർജുൻ സിംഗ് എന്നിവർ അതിന്റെ രക്തസാക്ഷികളാണ്. ഇങ്ങനെ അനേകം പോരാളികളെ കാവൽ നിർത്തിക്കൊണ്ട് സംരക്ഷിക്കേണ്ടുന്ന ഒരു അവകാശമായിരിക്കുന്നു സംവരണം.

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണെന്നതിന്റെ അർഥം, ഈ രാജ്യം ഇവിടത്തെ എല്ലാ ഓരോ ഇന്ത്യക്കാരന്റേതുമാണ് എന്നാണ്. അവൻ ഏതു ജാതിയിൽ പെട്ടവനായാലും, ഏത് ഭാഷ സംസാരിക്കുന്നവനായാലും, ഏത് സംസ്ഥാനത്ത് ജീവി

ക്കുന്നവനായാലും ശരി. ജനാധിപത്യത്തിന്റെ അന്തസ്സും ചൈതന്യവും അനുസരിച്ച് ഇവിടെ ഭരിക്കേണ്ടതും എല്ലാ ഓരോ ഇന്ത്യക്കാരനുമാണ്. അതിന് പ്രായോഗിക പ്രയാസങ്ങളുള്ളതിനാൽ, നാം പ്രതിനിധികളെ തെരഞ്ഞെടുത്ത് അവരെ ഭരിക്കാൻ അനുവദിക്കുകയാണ് ചെയ്യുന്നത്. ആ പ്രാതിനിധ്യ വ്യവസ്ഥയുടെ ഒരു മര്യാദയാണ്, രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും അർഹമായ പ്രാതിനിധ്യം നൽകുക എന്നത്. ഭരണരംഗത്തും അതിന്റെ പ്രയോഗരംഗമായ ഔദ്യോഗിക മേഖലകളിലും അത് നൽകണം. എങ്കിൽ മാത്രമേ ഇവിടെ ജനാധിപത്യവും അവസര സമത്വവും പുലരുകയുള്ളൂ. ഇതിനെ വലിയൊരു പാതകമായി അവതരിപ്പിക്കുന്നതിൽ മീഡിയയും ഭരണകൂടങ്ങളും രാഷ്ട്രീയ പാർട്ടികളും വിജയിച്ചിട്ടുണ്ട്. ഇത് തുല്യതക്കും അവസരസമത്വത്തിനും എതിരല്ലേ, ഗുണനിലവാരത്തെ ബാധിക്കില്ലേ തുടങ്ങിയ ചോദ്യങ്ങൾ അവർ ഉയർത്തുന്നുണ്ട്. എങ്ങനെ ഇവിടെ അസമത്വം ഉണ്ടായി എന്ന ചോദ്യത്തിന് മറുപടി പറയാൻ അവർക്ക് സാധിക്കുന്നില്ല. കാലാകാലമായി നിലനിന്ന അവഗണനയുടെ ഫലമായി ഉണ്ടായ അസമത്വം ഇല്ലാതാക്കാനാണ് സംവരണം കൊണ്ടുവന്നിട്ടുള്ളത്. സംവരണം എന്നത് തുല്യതയും സമത്വവും അവകാശവും സംരക്ഷിക്കാനും കുടിശ്ശിക തീർക്കാനുമുള്ള ശ്രമമാണ്.

സംവരണ വിരുദ്ധ പ്രക്ഷോഭങ്ങളെ മീഡിയ ഫോക്കസ് ചെയ്യുന്നതോടെ രാഷ്ട്രീയ പാർട്ടികൾ സമ്മർദത്തിലാവുന്നു. രാഷ്ട്രീയ പാർട്ടികൾ ഭരണകൂടത്തെയും സമ്മർദത്തിലാക്കുന്നു. ഭരണകൂടം സംവരണത്തിന്റെ അടിസ്ഥാനത്തിൽ മായം ചേർക്കുന്നു. അതിന്റെ പ്രകട രൂപമാണ് സാമ്പത്തിക സംവരണമായി നമ്മുടെ മുന്നിൽ പല കാലങ്ങളിലും രൂപങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. മുമ്പ് ഇത് പ്രത്യക്ഷമാകുമ്പോൾ ഭരണഘടനയുടെ സ്പിരിറ്റിനെതിരാണെന്ന് പറഞ്ഞ് കോടതി അത് തള്ളിക്കളയുകയാണ് ചെയ്തിരുന്നത്. എന്നാൽ ഈയിടെയായി കോടതികളും അതിനോട് യോജിച്ച് നിൽക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. പിന്നാക്കാവസ്ഥ എന്നതിന് ഭരണഘടന നൽകുന്ന വിശദീകരണം സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ എന്നാണ്. സാമ്പത്തിക മാനദണ്ഡം അതിലില്ല. സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ മാറിക്കഴിഞ്ഞാൽ സാമ്പത്തിക പിന്നാക്കാവസ്ഥ മാറും എന്ന് നന്നായി അറിയുന്നവരായിരുന്നു ഭരണഘടനാ ശിൽപികൾ. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്ക് ന്യായമായും പരിഹാരം കാണേണ്ടതുണ്ട്. പക്ഷേ, അത് സംവരണത്തിൽ മായംചേർത്തുകൊണ്ടോ അതിനെ തുരങ്കം വെച്ചുകൊണ്ടോ ആവരുത്. അത്തരക്കാർക്ക് സർക്കാറിന്റെ ക്ഷേമപദ്ധതികളിൽ പ്രത്യേക പരിഗണന നൽകാം. അവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി അവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് ഒരു പിന്നാക്ക ജനവിഭാഗവും എതിരല്ല.

നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് പ്രകാരം പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഒരു തരിമ്പ് പോലും വർധിപ്പിച്ചിട്ടില്ല. മുൻകാലത്ത് ചോർന്നുപോയത് അടക്കാൻ ശ്രമിച്ചു എന്നു മാത്രം. അതിന്റെ പേരിൽ ഉണ്ടാക്കിയ ഒന്നാണ്, ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഉന്നത വിദ്യാലയങ്ങളിൽ 10 ശതമാനം സംവരണം എന്നത്. ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു അത്. വിദ്യാഭ്യാസപരമായി ഏറെ മുന്നേറാൻ കഴിവുള്ള വിഭാഗത്തിനാണ് പത്തു ശതമാനം സംവരണം നൽകിയിട്ടുള്ളത്. ഈ പത്ത് ശതമാനം ആ വിഭാഗത്തിന്റെ അംഗബലം പരി

ഗണിക്കുമ്പോൾ വളരെ കൂടുതലാണ്. അന്നതിനെ എതിർക്കാൻ ആർക്കും കഴിഞ്ഞി ല്ല. അതിനാൽ ഇത് ഇനിയും തുടർന്നാൽ നേരത്തെയുണ്ടായിരുന്ന അസമത്വം വീണ്ടും തുടരുകയായിരിക്കും ഫലം. ജനസംഖ്യയുടെ 26 ശതമാനം വരുന്ന മുസ്‌ലിംകൾക്ക് 7 ശതമാനം മാത്രമേ സംവരണമുള്ളൂ. 10 ശതമാനം സംവരണം മുന്നാക്കക്കാർക്ക് നൽകാൻ മാത്രമുള്ള ജനസംഖ്യ ആ വിഭാഗത്തിനില്ല. ■

## പ്രധാന മേഖലകളിൽ പടിക്ക് പുറത്തുതന്നെ



**അഡ്വ. രാജൻ**
(എസ്.എൻ.ഡി.പി മഞ്ചേരി യൂനിയൻ സെക്രട്ടറി)

**ഇന്ത്യയിൽ** നൂറ്റാണ്ടുകളായി അധഃസ്ഥിതിയിൽ കഴിയുന്ന വിഭാഗങ്ങളുടെ ദുരവസ്ഥക്ക് പരിഹാരം കാണണമെന്നാണ് സംവരണത്തിന്റെ ന്യായം. ഭരണഘടനാ ശിൽപികൾ മൗലി കാവകാശത്തിൽ ഉൾപ്പെടുത്തിയ ഈ ന്യായത്തെയാണ് മാധ്യമങ്ങൾ ആനുകൂല്യം എന്ന് വരുത്തിത്തീർത്ത് അതിന്റെ പ്രസക്തി ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. അധഃസ്ഥിത ജന കോടികളിൽ നിരന്തരം നടക്കേണ്ട ചർച്ച തന്നെയാണ് സംവരണം.

നായർ സൊസൈറ്റി ഈയിടെ നടത്തിയ ചില അഭിപ്രായ പ്രകടനങ്ങളാണ് സംവരണം ഇപ്പോൾ വിഷയീഭവിച്ചതിന്റെ കാരണം. പിന്നാക്കക്കാർക്ക് നൽകിക്കൊ ണ്ടിരിക്കുന്ന സംവരണം തങ്ങൾക്കും നൽകണമെന്ന് നായർ സൊസൈറ്റി പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. പ്രമുഖ രാഷ്ട്രീയ സംഘടനകൾ അതിന് ഒത്താശ ചെയ്യുന്നതും നാം കണ്ടു. ചങ്ങനാശ്ശേരി പ്രസംഗം മാധ്യമങ്ങളിൽ വന്നയുടനെ, കേര ളത്തിലെ രണ്ട് പ്രബല രാഷ്ട്രീയ സംഘടനാ നേതാക്കൾ അതിന് അനുകൂലമായി പ്രതികരിച്ചതാണ് നമ്മെ ഏറെ ഭയപ്പെടുത്തുന്നത്. മതേതരത്വവും തൊഴിലാളി സ്നേഹവും പറഞ്ഞ് നടന്നവരും സ്വാതന്ത്ര്യത്തിന്റെ ചരിത്രം അവകാശപ്പെടുന്ന വരും പൊടുന്നനെ പറഞ്ഞത് നായർ സർവീസ് സൊസൈറ്റിയുടെ ആവശ്യം ന്യായവും ചർച്ച ചെയ്യപ്പെടേണ്ടതുമാണെന്നായിരുന്നു.

മണ്ഡൽ കമീഷൻ റിപ്പോർട്ട് 10 വർഷത്തോളം പൊടിപിടിച്ച് കിടന്നു. വി.പി സിംഗ് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ, ഒരു പിന്നാക്കക്കാരനും അതേക്കുറിച്ച് ബോധ വാനായിരുന്നില്ല. എന്നാൽ അത് നടപ്പിലാക്കാതിരിക്കാൻ ഒരൊറ്റ ദിവസം കൊണ്ട് ഇന്ത്യയിലാകെ സവർണ വിഭാഗം സമരങ്ങൾക്ക് തിരികൊളുത്തി. എ.ഐ.ഐ.എം. എസിലെ അധ്യാപകരും പി.ജി വിദ്യാർഥികളും ദൽഹിയുടെ തെരുവോരങ്ങളിൽ അക്രമം അഴിച്ചുവിട്ടു. മണ്ഡൽ കമീഷന്റെ നിർദേശങ്ങൾ നടപ്പിലാക്കാനുള്ള വി.പി സിംഗിന്റെ തീരുമാനം ഇന്ത്യ കത്തിക്കാനുള്ളതാണ്; അതിനാൽ സംവരണ പാക്കേ ജിൽനിന്ന് പിന്മാറണം എന്ന് മാധ്യമങ്ങൾ ആവശ്യപ്പെട്ടു.


ഇവിടെയുള്ള മാധ്യമങ്ങളുടെ ഭാഷയെന്ത്, മുഖമെന്ത് എന്ന് നാം തിരിച്ചറിയ ണം. എന്തിനും നാം കുറ്റം പറയാറുള്ള അമേരിക്കയിലെ മാധ്യമ നിയമങ്ങൾ പോലും നമുക്ക് വലിയ പാഠങ്ങൾ നൽകുന്നുണ്ട്. അവിടെ പത്ര സ്ഥാപനമോ ദൃശ്യമാധ്യമമോ എന്ത് വേണമെങ്കിലും ആർക്കും തുടങ്ങാം. പക്ഷേ, ഒരു നിബന്ധന മാത്രം. ആ സ്ഥാപനത്തിൽ നിശ്ചിത അനുപാതത്തിൽ കറുത്തവർഗക്കാരന് പ്രാതിനിധ്യം ഉണ്ടാ യിരിക്കണം. അവരുടെ ശബ്ദം കൂടി പുറത്തുവരണം. അവരുടെ പീഡനത്തിന്റെ

കഥകളും വേദനയും പുറംലോകമറിയാതെ പോകരുത്. ഇവിടെ ഏതു രാഷ്ട്രീയക്കാരനും പണക്കാരനും എത്ര സ്ഥാപനങ്ങൾ വേണമെങ്കിലും തുടങ്ങാം, ഒരു നിബന്ധനയുമില്ലാതെ. അത്തരം മാധ്യമങ്ങളുടെ സംവരണവിരുദ്ധ പ്രചാരണങ്ങളാണ് സാധാരണക്കാരൻ കേൾക്കുന്നത്. മുന്നാക്കക്കാരന്റെയും പിന്നാക്കക്കാരന്റെയും വിശപ്പ് ഒന്നല്ലേ എന്ന വിപ്ലവ പാർട്ടിക്കാരന്റെ ചോദ്യം കൂട്ടിനും. ഇതിനു മുമ്പിൽ നമ്മുടെ സാധാരണക്കാരൻ തലകുലുക്കി പോകുന്നു.

പിന്നാക്കക്കാരന്റെ പിൻതലമുറക്ക് സംവരണം നിഷേധിക്കുന്ന രൂപത്തിൽ ക്രീമീലെയർ എന്ന പേരിൽ സംവരണം പുതുക്കി നിശ്ചയിക്കുകയാണ്. ആ സവർണ ദുസ്സാധീനം വി.പി സിംഗിനെ പോലും തന്റെ നിലപാടിൽനിന്ന് പിന്തിരിപ്പിച്ചു. മണ്ഡൽ കമീഷൻ പിന്നാക്കക്കാരന് സമസ്ത മേഖലയിലും സംവരണം ശിപാർശ ചെയ്തിരുന്നു. അത് സിവിൽ സർവീസിൽ മാത്രമായൊതുക്കി വെള്ളം ചേർക്കാൻ വി.പി സിംഗ് നിർബന്ധിതനായി. ഇവിടത്തെ മാധ്യമങ്ങളും സവർണ പ്രക്ഷോഭങ്ങളും സൃഷ്ടിച്ച ഭയമായിരുന്നു ഇതിന് കാരണം. ഫലമോ ജുഡീഷ്യറി, ശാസ്ത്ര-സാങ്കേതിക രംഗം, പ്രതിരോധം, ബഹിരാകാശം, വ്യോമയാനം തുടങ്ങിയ തന്ത്രപ്രധാന മേഖലയിൽനിന്നെല്ലാം സംവരണത്തെ ഒഴിവാക്കി വെറുമൊരു അസ്ഥികൂടം മാത്രമാക്കുകയാണ് ഭരണകൂടങ്ങൾ ചെയ്തത്. ■

## സംവരണം ചോദിക്കാൻ അവർക്ക് എന്തർഹത?

**പി.എം സാലിഹ്**
(എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ്)



**സംവരണം** ദാരിദ്ര്യ നിർമാർജനത്തിനുള്ളതല്ല. സാമ്പത്തികമല്ല സംവരണ മാനദണ്ഡം; ജാതിയും സമുദായവും തന്നെയാണ്. ദാരിദ്ര്യ നിർമാർജനത്തിന് മറ്റു ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുകയാണ് വേണ്ടത്. വർഗാടിസ്ഥാനത്തിലല്ല (Class) ജാതി, സമുദായ (Cast, Community) അടിസ്ഥാനത്തിലാണ് ഇന്ത്യൻ സാമൂഹിക ഘടനയുള്ളത്. *പൊളിറ്റിക്സ് ഓഫ് ഇൻക്ലൂഷൻസ്* എന്ന സ്വായാ ഹസ്സന്റെ പുസ്തകത്തിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട്. സംവരണവും ദാരിദ്ര്യനിർമാർജനവും രണ്ട് പ്രശ്നങ്ങളാണ്. സാമ്പത്തിക സംവരണത്തെ സ്ഥാപിക്കാൻ മന്നത്ത് പത്മനാഭൻ കോടീശ്വരനായ തങ്ങൾകുഞ്ഞ് മുസ്ലിയാരുടെയും അദ്ദേഹത്തിന്റെ ആനയുടെ പാപ്പാനായ രാമൻ നായരുടെയും കഥ പറയുന്നുണ്ട്. ഇത് സംവരണതത്ത്വങ്ങൾ അട്ടിമറിക്കുന്നതിന്റെ ഉദാഹരണമാണ്.

മന്നം ജയന്തിയോടനുബന്ധിച്ച് നായർ സൊസൈറ്റി അവതരിപ്പിച്ച പ്രമേയങ്ങളിലെ സുപ്രധാന ഇനമായിരുന്നു സാമ്പത്തിക സംവരണം. ഭരണഘടനാപരമായി സാധുതയില്ലാത്ത, നിയമപരമായി നിലനിൽപില്ലാത്ത കേരള സർക്കാറിന്റെ സാമ്പത്തിക സംവരണത്തെ (മുന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള വിദ്യാർഥികൾക്ക് ഗവൺമെന്റ് കോളേജുകളിൽ 10 ശതമാനം, സർവകലാശാല വകുപ്പുകളിൽ 7.5 ശതമാനം സംവരണം) ശരിവെച്ച് കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. സാമ്പത്തിക സംവരണം കോടതി അംഗീകരിച്ച സന്ദർഭത്തിലാണ്, ഈ വർഷത്തെ മന്നം ജയന്തി പ്രമേയത്തിൽ നായർ സമുദായത്തിന് സാമുദായിക സംവരണം കൂടി വേണം

എന്ന ആശയം മുന്നോട്ടു വെച്ചത്. 24 ശതമാനം ജനസംഖ്യയുള്ള മുസ്‌ലിംകൾക്ക് 11 ശതമാനമാണ് ഭരണ നിർവഹണ രംഗത്തെ പ്രാതിനിധ്യം. നരേന്ദ്രൻ കമീഷൻ റിപ്പോർട്ട നുസരിച്ച് മുസ്‌ലിംകൾക്ക് ഏഴായിരത്തോളം സംവരണ സീറ്റുകൾ നഷ്ടപ്പെട്ടിരിക്കു ന്നു. മുസ്‌ലിം സമുദായത്തിന്റെ ഗവൺമെന്റ് കോളേജുകളിലെ സംവരണം 10 ശതമാ നമാണ് സർക്കാർ ആവശ്യപ്പെട്ടിരുന്നത്. നിരവധി നിയമക്കുരുക്കുകളുള്ള ഒന്നായിരുന്നു ഇത്. അത് എത്ര നടപ്പിലാക്കപ്പെട്ടു എന്നത് പഠിക്കേണ്ടതാണ്. 12 ശതമാനം ജനസം ഖ്യയുള്ള നായർ വിഭാഗത്തിന് എക്സിക്യൂട്ടീവിൽ 38 ശതമാനം, ഗവൺമെന്റ് കമ്പനി കളിൽ 41 ശതമാനം, സ്വയംഭരണ സ്ഥാപനങ്ങളിൽ 45 ശതമാനം, ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50 ശതമാനം പ്രാതിനിധ്യം നിലവിലുണ്ട്. സാമുദായിക സംവരണം ആവശ്യപ്പെടാൻ നായർ സൊസൈറ്റിക്ക് എന്തർഹതയാണുള്ളത്? ■

## സമന്വയ വാദത്തിനു പിന്നിൽ പതിയിരിക്കുന്ന അപകടം



**ഹസനുൽ ബന്ന**

(*മാധ്യമം* ദൽഹി ബ്യൂറോ)

**ഭരണഘടനാ** വകുപ്പുകൾക്കും കമീഷൻ റിപ്പോർട്ടുകൾക്കും പഞ്ഞമില്ലെങ്കിലും സംസ്ഥാനത്ത് പിന്നാക്കക്കാരുടെ ഉദ്യോ ഗസ്ഥ പ്രാതിനിധ്യം നിയമപരമായി അവകാശപ്പെട്ട അളവി ൽ ഇനിയുമായില്ല. ജനസംഖ്യയിൽ 26 ശതമാനം വരുന്ന മു സ്‌ലിംകളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം 11 ശതമാനം മാത്ര മാണ്. കേവലം 10 വർഷത്തെ ലഭ്യമായ കണക്കുകൾ പ്രകാ രം അർഹതയുള്ള 7000ൽ പരം അവസരങ്ങൾ മുസ്‌ലിംകൾ ക്ക് നിഷേധിക്കപ്പെട്ടിട്ടുണ്ട് എന്നാണ് ജസ്റ്റിസ് നരേന്ദ്രൻ കണ്ടെത്തിയത്. നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിൻെറ അനുബന്ധമെന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തി യാണ് നരേന്ദ്രൻ പാക്കേജ് കഴിഞ്ഞ യു.ഡി.എഫ് സർക്കാറിൻെറ അവസാന കാല ത്ത് കൊണ്ടു വരുന്നത്. മുസ്‌ലിം സമുദായത്തിൻെറ നേട്ടമായി മുസ്‌ലിം ലീഗും കൂടെ നിൽക്കുന്നവരും കൊട്ടിഘോഷിച്ച നരേന്ദ്രൻ പാക്കേജാണ് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം കൊണ്ടുവന്നതെന്നും ആ രീതിയാണ് വിവാദ കോടതി വിധിക്ക് കാരണമായ കേസിലേക്ക് കേരള ജമാഅ ത്ത് കൗൺസിലിനെ നയിച്ചതെന്നും ഓർക്കേണ്ടതുണ്ട്.

ഒരു സംവരണ സമുദായത്തിൻെറ ടേൺ തൊട്ടടുത്ത സംവരണ സമുദായ ത്തിലേക്കോ മെറിറ്റ് ക്വാട്ടയിലേക്കോ മാറ്റുന്നത് തടയാൻ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾ 15 (എ)യിൽ ഭേദഗതി, സപ്ലിമെന്ററി ലിസ്റ്റിൽ അ ഞ്ചിരട്ടി ആളുകൾ, റാങ്ക് ലിസ്റ്റ് നിലവിലുള്ള കാലത്തെ ഒരു സെലക്ഷൻ ഇയറാ യി കണക്കാക്കൽ മുതലായവയായിരുന്നു പാക്കേജിലെ പ്രധാന ഇനങ്ങൾ.

നായർ വിഭാഗത്തിന് അഹിതകരമായ വ്യവസ്ഥ പാക്കേജിൽ പാടില്ലെന്ന രമേ ശ് ചെന്നിത്തലയുടെ വാശി വിജയിച്ചുവെന്ന് മാത്രമല്ല. മാറാട് കലാപത്തിന്റെ കാ ര്യത്തിലെന്ന പോലെ പരസ്യമായ പാക്കേജിന് പുറത്ത് രഹസ്യമായി ചില ആനുകൂ ല്യങ്ങൾ 'നായർ കോപം' ശമിപ്പിക്കാൻ രമേശ് ചെന്നിത്തല സാധിച്ചെടുക്കുകയും ചെയ്തു. സർക്കാറിൻെറ പാട്ട ഭൂമിയിൽ പ്രവർത്തിച്ചു വരികയായിരുന്ന തിരുവന ന്തപുരം എം.ജി കോളേജ്, നിറമൺകര എൻ.എസ്.എസ് കോളേജ് എന്നിവയുടെ

കോടികൾ വിലമതിക്കുന്ന ഭൂമി അവർക്ക് പതിച്ചുകൊടുക്കുകയും ചെയ്തു.

എല്ലാ നിയമനങ്ങളുടെയും ചാർട്ട് പ്രസിദ്ധീകരിക്കുകയെന്ന പാക്കേജിലെ തന്നെ വ്യവസ്ഥ നടപ്പാക്കാതിരിക്കുമ്പോഴാണ് പാക്കേജിന് പുറത്ത് എൻ.എസ്.എസിൻെറ വാണിജ്യ താൽപര്യങ്ങൾ കൂടി രമേശ് ചെന്നിത്തല സാധിച്ചുകൊടുത്തത്.

സംവരണ നഷ്ടം നികത്താൻ ഇതിൽ കൂടുതലായൊന്നും ചെയ്യാനില്ലെന്നും ചെയ്യാവുന്നതിൻെറ പരമാവധിയാണ് പാക്കേജെന്നും മുസ്‌ലിം ലീഗും ലീഗിനോട് ചേർന്ന് നിൽക്കുന്ന എൻ.ഡി.എഫ് ഉൾപ്പെടെയുള്ള സംഘടനകളും അന്ന് പ്രചാരണം നടത്തി. എന്നാൽ റൊട്ടേഷൻ യൂനിറ്റ് 50:50 ആക്കണമെന്ന മുസ്‌ലിം സംഘടനകളുടെ സുപ്രധാന ആവശ്യം കോൺഗ്രസിൽ നായർ ജാതീയതയുടെ രാഷ്ട്രീയം കളിക്കുന്ന കെ.പി.സി.സി പ്രസിഡൻ്റ് രമേശ് ചെന്നിത്തലയും പാക്കേജിന് പിന്നിൽ പ്രവർത്തിച്ച മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും ചേർന്ന് മണ്ണിട്ടു മൂടി. അന്ന് ഈ ഗൂഢാലോചന മറച്ചുവെക്കാൻ ഉയർത്തിയ 'സമവായ തന്ത്ര'വുമായി ലീഗ് വീണ്ടും രംഗത്തെത്തിയിരിക്കുന്നത് ആർക്കാണ് പ്രയോജനപ്പെടുകയെന്ന് രണ്ടു വട്ടം ആലോചിക്കണം.

പൊന്നുരുക്കുന്നേടത്ത് പൂച്ചക്കെന്ത് എന്ന് ചോദിക്കുന്നത് പോലെ നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് നടപ്പാക്കുന്നേടത്ത് നായർ സമുദായത്തിനെന്ത് എന്ന് അന്നും ആരും ചോദിച്ചില്ല.

സംസ്ഥാന രൂപവൽക്കരണത്തിൻെറ 50 വർഷത്തിന് ശേഷവും പിന്നാക്കക്കാരുടെ ഉദ്യോഗ ലബ്ധിയെ തടസപ്പെത്തുന്ന ചില ഘടകങ്ങൾ പ്രവർത്തിക്കുന്നതായി വേണം മനസിലാക്കാൻ. പി.എസ്.സിയിലെ ജാതി മേധാവിത്വമാണിതിന് കാരണം. പിന്നാക്കക്കാരെ സംവരണ കാറ്റഗറിയിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനുള്ള നീക്കം ഇതിനോട് അനുബന്ധമായി വേണം ചേർത്തു പറയാൻ. നിയമനത്തിന്റെ ഏത് ചെറിയ യൂനിറ്റിലും സംവരണ ക്രമം പാലിക്കുന്നത് ഉറപ്പാക്കാൻ 1951ൽ തിരു കൊച്ചിയിൽ ആരംഭിക്കുകയും പിന്നീട് സംസ്ഥാന രൂപീകരണ ശേഷം പി.എസ്.സി പിന്തുടരുകയും ചെയ്യുന്നതാണ് നിയമനത്തിന് 20ന്റെ യൂനിറ്റുകളാക്കിതിരിക്കുന്ന രീതി. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾ 14 (എ)യിൽ നിയമനത്തിന്റെ യൂനിറ്റ് 20 ആയിരിക്കുമെന്ന് പറയുന്നു. നിയമന യൂനിറ്റിന്റെ വലുപ്പം കുറയുന്നതിന് അനുസരിച്ച് ഓപൺ കാറ്റഗറിയിൽ നിയമനം കിട്ടേണ്ട പിന്നാക്ക സമുദായക്കാരൻ സംവരണ വിഭാഗത്തിലേക്ക് മാറ്റപ്പെടുകയാണ് ചെയ്യുക. മറിച്ച് നിയമന യൂനിറ്റിന്റെ വലുപ്പം കൂടുന്നതിന് അനുസരിച്ച് കൂടുതൽ പിന്നാക്ക സമുദായക്കാർ ഓപൺ കാറ്റഗറിയിൽ കടന്ന് കൂടും. അപ്പോഴാണ് സംവരണസമുദായക്കാർ ഓപൺ കാറ്റഗറിയിൽ നിയമനം നേടുന്നത് സംവരണ പോസ്റ്റുകളെ ഒട്ടും ബാധിക്കുന്നതല്ല എന്ന കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾ 14 (ബി) ചട്ടം അർഥപൂർണമാകുന്നത്. ഇങ്ങനെ യൂനിറ്റിന്റെ വലുപ്പക്കൂടുതൽ സഹായകമാകുമെന്നതിനാലാണ് സംവരണ സമുദായങ്ങൾ 20ന്റെ യൂനിറ്റ് മാറ്റി പകരം 100ന്റെ യൂനിറ്റ് പരിഗണിക്കണമെന്ന് പറയുന്നത്. ഓപൺ കാറ്റഗറിയിൽ സംവരണസമുദായക്കാർ ഉദ്യോഗം നേടേണ്ടത് അവരുടെ മിനിമം അനുപാതം നിലനിർത്താൻ ആവശ്യമാണ്. നിയമന യൂനിറ്റ് 20ന് പകരം 100 ആക്കുന്നത് പ്രശ്നത്തിന് പരിഹാരമല്ലെന്നും കൂടിയ അളവിൽ നിയമനം നടക്കുന്നേടത്ത് മാത്രമേ അതുകൊണ്ട് പ്രയോജനമുണ്ടാകൂ എന്നും ഒരു വിമർശനമുണ്ട്.

നിയമന യൂനിറ്റ് 20ൽ നിന്ന് 100 ആക്കി വർധിപ്പിക്കുന്നതോ, ഒരു സെലക്ഷൻ

ഇയറിലെ നിയമനങ്ങളെ ഒരു തുടർച്ചയായി പരിഗണിക്കുന്നതോ ഓപൺ ക്വാട്ട നിയമനത്തെ ഒരു നിലക്കും ബാധിക്കില്ലെന്നിരിക്കേ ഇതിനെയും എൻ.എസ്.എസിന് മേധാവിത്വമുള്ള പി.എസ്.സി എതിർക്കുന്നത് പിന്നാക്ക വിഭാഗങ്ങൾ അധികാര നിർവഹണത്തിൽ പങ്കാളിയായിക്കൂടെന്ന ജാതി മനസിൻെറ പ്രതിഫലനം മാത്രമാണ്. സർവകലാശാലകളിലെ നിയമന സംവിധാനങ്ങൾ സംവരണ അട്ടിമറിക്ക് സഹായകമാണ്.

സ്പെഷൽ റിക്രൂട്ട്മെൻ്റ് ആവശ്യമുന്നയിച്ച് മുസ്‌ലിം സംഘടനകൾ നടത്തിയ സമരങ്ങൾക്കൊന്നും ചെവികൊടുക്കാതിരുന്ന കേരളത്തിലെ മുന്നണികളെ നയിക്കുന്ന പ്രബല കക്ഷികളായ കോൺഗ്രസും സി.പി.എമ്മും നായർ സമുദായത്തിൻെറ അടിസ്ഥാനമില്ലാത്ത അവകാശവാദത്തോട് എത്ര പെട്ടെന്ന് പ്രതികരിച്ചുവെന്ന് കേരളം കണ്ടു. മുസ്‌ലിം ലീഗ് സമുദായത്തോട് കാണിച്ച വിശ്വാസ വഞ്ചന വോട്ടാക്കി മലപ്പുറം ചുകപ്പിക്കാൻ ഇറങ്ങിയ സി.പി.എമ്മിൻെറ മന്ത്രി പാലോളി മുഹമ്മദ് കുട്ടിയും നായർ–ക്രിസ്ത്യൻ ആഭിമുഖ്യമുള്ള കോൺഗ്രസ് നേതാക്കളായ എം.എം ഹസനും ആര്യാടൻ മുഹമ്മദും എൻ.എസ്.എസിനെ എടുത്തു ചാടി പിന്തുണച്ചു. സ്പെഷൽ റിക്രൂട്ട്മെൻറ് പട്ടിക ജാതി–പട്ടിക വർഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ ഭരണഘടനാ വകുപ്പ് ഉദ്ധരിക്കുന്നവരാണ് മുന്നാക്ക സംവരണം ഭരണഘടനാ വിരുദ്ധമായിട്ടും അതിന് വേണ്ടി കാടിളക്കുന്നത്.

സംവരണം സ്ഥിരം സംവിധാനമാണെന്ന വാദം പിന്നാക്കസമുദായങ്ങൾക്കൊന്നുമില്ല. അതേസമയം സംവരണം തന്നെ വേണ്ടെന്ന് മുന്നാക്കക്കാരെ പോലെ പിന്നാക്കക്കാരിലെ ചിലർ ദാർശനികമായി അവതരിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധമായ വാദത്തിന് ബലം നൽകുകയാണ് ചെയ്യുക. ആളെണ്ണത്തിനൊത്ത പ്രാതിനിധ്യം നൽകുന്ന പ്രക്രിയക്കാണ് സംവരണം എന്ന് പറയുന്നതെന്ന് ഇവർ മറക്കുന്നു. മുസ്‌ലിം സമുദായത്തിന് ദ്രോഹകരമായ നരേന്ദ്രൻ പാക്കേജിന് അനുകൂലമായി മുദ്രാവാക്യമുയർത്തിയ ഈ കൂട്ടർ അതേക്കുറിച്ച് അർഥഗർഭമായ മൗനം പാലിക്കുകയും ചെയ്യുന്നു.

എല്ലാ വിഭാഗം ജനങ്ങളുടെയും അധികാര പങ്കാളിത്തം ഉറപ്പാക്കുകയെന്ന സംവരണ ലക്ഷ്യം സഫലമാകണമെങ്കിൽ ഓരോ 10 വർഷം കൂടുന്തോറും വിവിധ സംവരണ വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിൻെറ കണക്കെടുക്കണമെന്നും പരിധിയെത്തിയവരെ സംവരണത്തിൽ നിന്ന് ഒഴിവാക്കണമെന്നുമുള്ള ദേശീയ പിന്നാക്ക വർഗ കമീഷൻെറ നിർദേശം നടപ്പാക്കാനാണ് കേരളത്തിലെ പിന്നാക്ക– മുന്നാക്ക ജാതി സംഘടനകൾ സമവായത്തിലെത്തേണ്ടത്. ചില സമുദായങ്ങൾ അർഹമായതിലും കൂടുതലും ഉദ്യോഗങ്ങൾ നേടിയെടുക്കുന്നുവെന്ന സംവരണ വിരുദ്ധരുടെ വാദത്തിൻ്റെ നിജസ്ഥിതി മനസിലാക്കാനും ഇതുവഴി കഴിയും. എന്നാൽ അങ്ങനെ കണ്ടെത്തുന്ന പ്രാതിനിധ്യക്കുറവ് നികത്താൻ മുന്നാക്ക ജാതിക്കാരുടെ സമ്മതം വേണമെന്ന തരത്തിലുള്ള 'സമന്വയ വാദം' മുസ്‌ലിം ലീഗ് ഉന്നയിച്ചാലും അംഗീകരിക്കാനാവില്ല. ■